**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 571** **06-12-2022 - ൽ മറുപടിയ്ക്ക്**

**കോൺട്രാക്ടർമാർക്ക് കുടിശ്ശിക അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോൺട്രാക്ടർമാർക്ക് കുടിശ്ശിക ഇനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ട്; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 ഏപ്രിൽ മാസം മുതലുള്ള ബില്ലുകളിൽ കുടിശ്ശിക നൽകാനുണ്ട്. ജലവിഭവം, ഹാർബർ എഞ്ചിനിയറിംഗ് എന്നീ വകുപ്പുകളിൽ 2022 ജൂലൈ വരെയുള്ള തുക നൽകിയിട്ടുണ്ട്. ജലവിഭവം, ഹാർബർ എഞ്ചിനിയറിംഗ് എന്നീ വകുപ്പുകളിൽ 2022 ആഗസ്റ്റ് മാസത്തെ കുടിശ്ശിക 2022 ഡിസംബർ 15-ാം തിയതി നൽകും. ഇതൊഴികെ പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുകളിലായി ലഭ്യമായ കുടിശ്ശിക തുകയുടെ കണക്കുകൾ ചുവടെ പറയും പ്രകാരമാണ്. |
| (ബി) | കോൺട്രാക്ടർമാർക്ക് കുടിശ്ശിക അനുവദിച്ചു നല്കാത്തത് പ്രാദേശിക തലത്തിലുള്ള വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| വകുപ്പ് | കാലയളവ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|---|
| പൊതുമരാമത്ത് | 01/04/2022 to 30/09/2022 | 1139.48 |
| ജലവിഭവം | 01/09/2022 to 30/09/2022 | 21.67 |
| ഹാർബർ എഞ്ചിനിയറിംഗ് | 01/09/2022 to 30/09/2022 | 8.71 |
| **ആകെ** | | **1169.86** |

| | | | |
|---|---|---|---|
| | പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | | |
| (സി) | പ്രസ്തുത തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് മാറി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ